## കേരള സർക്കാർ

നം.ഡി.എ. 1/627/2018/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി 07.09.2018

അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സർ,

വിഷയം : തസ്വഭവ - ഔഷധിയിൽ നിന്നും മരുന്നു ലഭ്യമല്ലാതെ വന്നാൽ മറ്റ് ഏജൻസിയിൽ നിന്ന് ടെണ്ടറില്ലടെ മരുന്ന് വാങ്ങുന്നത് സംബന്ധിച്ച്

സൂചന :- 1.കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെ 19.07.2018-ലെ AP 240/2017/868-ാം നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന സമിതിയുടെ 13.08.18 ൽ ചേർന്ന യോഗത്തിന്റെ പ്രത്യേക വിഷയ തീരുമാനം നം. 4.18

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന ഒന്നിലെ ആവശ്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന സമിതിയുടെ 13.08.18 ൽ ചേർന്ന യോഗം പരിശോധിച്ചു. ടി യോഗത്തിന്റെ സൂചന രണ്ടിലെ തീരുമാനപ്രകാരം **14.02.2018**-ലെ സ.ഉ(കൈ) **22/18/**തസ്വഭവ നമ്പറായുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക **7.5.3(2)** പ്രകാരമുള്ള നിബന്ധന പാലിച്ചുകൊണ്ട് വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കിൽ, ആയുർവേദ മരുന്നുകൾ ഔഷധി, ആയുർധാര, പാടും സോഷ്യൽ സർവീസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളിൽ നിന്നോ സർക്കാർ ഉത്തരവ് പ്രകാരം വാങ്ങാൻ അനുവദിക്കപ്പെട്ട മറ്റ് സ്ഥാപനങ്ങളിൽ നിന്നോ വാങ്ങാവുന്നതാണ് എന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി,
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ
(ഒപ്പ്)
സെക്ഷൻ ഓഫീസർ

പകർപ്പ്:- മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന ഫെഡറേഷൻ, പേരൂർക്കട, തിരുവനന്തപുരം